യോഹ. 21 : 1 – 14

**2023 മെയ് 07**

## വചനസന്ദേശം

**ഫാ. നെൽബിൻ മുളവരിക്കൽ**

# ക്രിസ്തുവിനെ കേൾക്കൂ

ഈശോ ഉത്ഥാനശേഷം തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന രംഗമാണ് ഇന്നത്തെ ഈ സുവിശേഷ വായന. പത്രോസ് ഒരു മീൻപിടുത്ത ക്കാരൻ ആണ്. കടലിന്റെ എല്ലാ കാര്യങ്ങളും അതിന്റെ സാധ്യതകളും നന്നായി അറിയാവുന്ന ഒരു മുക്കുവൻ. എന്നിട്ടും അവന്റെ മീൻപിടുത്തം വിജയമായില്ല എന്നുള്ളത് അവനെ സങ്കടപ്പെടുത്തിയിട്ടുണ്ടാകണം. അങ്ങനെ കടലിന്റെ ആഴ ങ്ങൾ തൊട്ടറിഞ്ഞ പത്രോസ് തന്റെ അധ്വാനം മുഴുവൻ വൃഥാവിൽ ആകുന്ന തിന്റെ ആകുലതയിൽ നിൽക്കുമ്പോൾ ഈശോ ഇടപെടുന്നു. നിന്റെ അറിവും നിന്റെ അനുഭവസമ്പത്തും തൽക്കാലം മാറ്റിവെച്ച്  ഞാൻ പറയുന്നത് കേൾ ക്കുക. അത് കേൾക്കാൻ പത്രോസ് തയ്യാറാകുമ്പോൾ അവൻ അത്ഭുതപ്പെടുക യാണ്. നമ്മളൊക്കെ ജീവിതത്തിൽ വിജയം വേണം എന്ന് ആഗ്രഹിക്കുന്ന വരാണ്, നന്മയുണ്ടാകണം എന്ന് കൊതിക്കുന്നവരാണ്. അതിനു വേണ്ടി നമ്മുടെ കഴിവും അനുഭവസമ്പത്തും ഉപയോഗിച്ച് നാം അധ്വാനിക്കും. അതിൽ തെറ്റൊന്നുമില്ല, നല്ലതുതന്നെ. പക്ഷേ അധ്വാനങ്ങൾ വേണ്ടപോലെ ഫലം കാണുന്നില്ല എന്ന് തിരിച്ചറിയുമ്പോൾ നിന്റെ കൂടെയുള്ള കർത്താവിനെ കാണാൻ കണ്ണുകൾ തുറക്കണം. അവൻ പറയുന്നത് കേൾക്കാൻ കാതുകൾ തുറക്കണം. അത് പ്രാവർത്തികമാക്കാൻ ഹൃദയം സജ്ജമാക്കണം. അങ്ങനെ യാകുമ്പോൾ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാകും.

രണ്ടാമത്, പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ഈശോയുടെ കരുതലാണ്. ഒരമ്മയുടെ സ്നേഹത്തോടും വാത്സല്യത്തോടും കൂടെ ഈശോ തന്റെ ശിഷ്യന്മാർക്കു വേണ്ടി പ്രാതൽ ഒരുക്കുന്നു. നമ്മെ കാത്തിരിക്കാൻ ഒരാളുണ്ട് എന്നുള്ള ബോധ്യം എത്രമാത്രം നമ്മെ ശക്തിപ്പെടുത്തും. ജീവിതത്തിന്റെ പ്രതി സന്ധികളിലൂടെ കടന്നുപോകുമ്പോൾ, ചില നിരാശയുടെ അനുഭവങ്ങൾ ഉണ്ടാ കുമ്പോൾ, ഒറ്റപ്പെട്ടുപോകുന്നുവെന്ന് കരുതുമ്പോൾ, നമ്മെ കാത്തിരിക്കുന്ന ഒരു ദൈവം ഉണ്ട് എന്ന ചിന്തയാണ് നമ്മുടെ ശക്തി.

നമ്മോടുള്ള ചോദ്യം ഇതാണ്: എന്നെ കാത്തിരിക്കുന്ന ക്രിസ്തുവിന്റെ പക്കലേക്ക് എത്തിച്ചേരാൻ എനിക്ക് ആഗ്രഹമുണ്ടോ?

എന്റെ അധ്വാനങ്ങൾക്ക് പൂർണ്ണത നൽകാൻ അവൻ നൽകുന്ന നിർദ്ദേശ ങ്ങൾ ഞാൻ പാലിക്കുമോ? അതിനു തയ്യാറാകുന്നിടത്ത് എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാകും. ഞാൻ ഉത്ഥിതനായ ക്രിസ്തുവിനെ അനുഭവിക്കും.

ഈ കാലഘട്ടത്തിൽ അങ്ങനെയൊരു ക്രിസ്തു അനുഭവമുണ്ടാകാൻ നമുക്ക് പരിശ്രമിക്കാം....        എ